**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1298** **01-02-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ ആനാഞ്ചാൽ കടവ് നടപ്പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ) വിഭാഗത്തിന്റെ കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവ്വഹണ ചുമതലയിൽ ചാത്തന്നൂർ മണ്ഡലത്തിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ ആനാഞ്ചാൽ കടവിൽ ഇത്തിക്കര ആറിന് കുറുകെ നടപ്പാലം നിർമ്മിക്കുന്ന (2023-24 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒന്നേകാൽ കോടി രൂപ വിനിയോഗിച്ച്) പ്രവൃത്തി സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ആനാഞ്ചാൽക്കടവ് നടപ്പാലം നിർമ്മാണ പ്രവൃത്തിയുടെ ഡിസൈൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കുന്നതിലേക്കുള്ള Investigation Details പൊതുമരാമത്ത് വകുപ്പ് ഡിസൈൻ കാര്യാലയത്തിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് പാലങ്ങൾ വിഭാഗ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ നിലവിൽ എന്തെങ്കിലും തടസങ്ങൾ ഉണ്ടോ; എങ്കിൽ അവ എന്തെല്ലാമെന്നും പ്രസ്തുത തടസങ്ങൾ ഒഴിവാക്കി പ്രവൃത്തി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | (ബി) | ഡിസൈൻ തയ്യാറാക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ട് ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടർക്ക് സമർപ്പിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ